ലൈക് പേജ്


മെഹദ് മഖ്ബൂൽ

mehdmaqbool@gmail.com

**ഒന്നും രണ്ടും 'മഹത്തായ' ലോകയുദ്ധങ്ങളും ആൾക്കൂട്ടങ്ങളെ കൊന്ന് അമേരിക്കയെ കണ്ടുപിടിക്കലുമെല്ലാമടങ്ങുന്ന കുരുതികളുടെ ഒരു വലിയ ചരിത്രം. അത് പഠിച്ച് പരീക്ഷയെഴുതി ഒട്ടേറെ മാർക്ക് സമ്പാദിച്ച മിടുക്കരല്ലേ നമ്മൾ, നമ്മുടെ മക്കൾ.**

# ചരിത്രമെന്നാൽ ഇങ്ങനെ കലഹം കൂട്ടലാണെന്ന് ധരിക്കുമോ അവർ

നമ്മൾ പഠിക്കുന്ന ചരിത്രത്തിൽ നിറയെ യുദ്ധങ്ങളാണ്. ഒന്നും രണ്ടും 'മഹത്തായ' ലോകയുദ്ധങ്ങളും ആൾക്കൂട്ടങ്ങളെ കൊന്ന് അമേരിക്കയെ കണ്ടുപിടിക്കലുമെല്ലാമടങ്ങുന്ന കുരുതികളുടെ ഒരു വലിയ ചരിത്രം. അത് പഠിച്ച് പരീക്ഷയെഴുതി ഒട്ടേറെ മാർക്ക് സമ്പാദിച്ച മിടുക്കരല്ലേ നമ്മൾ, നമ്മുടെ മക്കൾ. നാടും നാട്ടുകാരും തമ്മിലെ നന്മകൾ, വിട്ടുവീഴ്ചകൾ, അനുരഞ്ജനങ്ങൾ ഇത്യാദികളൊന്നും ചരിത്രമാകില്ല. അതാരും പ്രയാസപ്പെട്ട് പഠിക്കില്ല, പഠിപ്പിക്കില്ല. ചരിത്രം സൃഷ്ടിക്കുക എന്നാൽ തോക്കെടുക്കലും ബോംബെറിയലും യുദ്ധം നടത്തലുമാണെന്ന് കുട്ടികളെങ്ങാനും ധരിച്ചുവശായിട്ടുണ്ടെങ്കിൽ അതിനവരെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യവുമില്ല.



മാർക്വേസ്


യുദ്ധങ്ങളും കലഹങ്ങളുമെല്ലാം ഒടുങ്ങിത്തുടങ്ങാനുള്ള രസകരമായ വിദ്യ നിർദേശിച്ചത് വൈക്കം മുഹമ്മദ് ബഷീറാണ്. രാഷ്ട്ര നായകർക്കെല്ലാം വരട്ടുചൊറി പിടിച്ചാൽ മതിയത്രെ. അപ്പോൾ അവന്മാർ ചൊറി മാന്തി രസിച്ചിരുന്ന് കൊള്ളും. പിന്നെ യുദ്ധം താനെ നിലക്കും.

പേൾ.എസ് ബക്കിന്റെ 'നല്ല ഭൂമി' (The Good Earth) എന്ന നോവലിലെ പാങ്‌ലുങ് ജനിച്ചത് മുതൽ കേൾക്കുന്ന പദമാണ് യുദ്ധം എന്നത്. യുദ്ധം അവിടെയുണ്ട്, ഇവിടെയുണ്ട് എന്നിങ്ങനെ നിരന്തരം കേൾക്കുന്ന പാങിന് ആകാശം, വെള്ളം എന്നിവയെപ്പോലെ ഒരു വസ്തുവായിരുന്നു യുദ്ധവും.



പേൾ.എസ് ബക്ക്

വസ്ത്രമുടുത്തതാണ് സംസ്കാരത്തിന്റെ തുടക്കമെങ്കിൽ യുദ്ധമാണ് സംസ്കാരത്തിന്റെ ഒടുക്കമെന്നെഴുതുന്നുണ്ട് 'ആതി' എന്ന നോവലിൽ സാറാ ജോസഫ്. അതുകൊണ്ടാണ് പാണ്ഡവരും കൗരവരും തമ്മിലെ യുദ്ധത്തിനെതിര് നിന്ന വിദുരർ കാട്ടിൽ പോയി വസ്ത്രമുടുക്കാതെ ദിഗംബരനായി നിന്നതത്രെ.



അരുന്ധതി റോയി

യുദ്ധങ്ങൾക്കും പരസ്പരമുള്ള കലഹം കൂട്ടലുകൾക്കുമെതിരെ ശക്തമായി നിലകൊണ്ട എഴുത്തുകാരിയാണ് അരുന്ധതി റോയി. ഇനിയൊരു ആണവ യുദ്ധമുണ്ടായാൽ നമ്മുടെ ശത്രുക്കൾ ചൈനയോ അമേരിക്കയോ ആകില്ലെന്നെഴുതുന്നു റോയി (യുദ്ധഭാഷണം).

'നമ്മുടെ ശത്രുക്കൾ ഭൂമിയായിരിക്കും. ഭൂമിയുടെ മൂലകങ്ങൾ -ആകാശം, വായു, മണ്ണ്, കാറ്റ്, വെള്ളം... എല്ലാം നമുക്കെതിരെ യുദ്ധത്തിന് ഒരുമ്പെടും. നമ്മുടെ നഗരങ്ങളും ഗ്രാമങ്ങളും ദിവസങ്ങളോളം എരിഞ്ഞുകത്തും. എരിയാനുള്ളതെല്ലാം എരിഞ്ഞൊടുങ്ങുമ്പോൾ പുക ഉയർന്ന് സൂര്യവെട്ടം കെടുത്തും. പിന്നെ അവസാനിക്കാത്ത രാത്രി മാത്രം. ജന്തുക്കൾ, ചെടികൾ, മീനുകൾ, കിളികൾ... ജീവനുള്ളതിൽ മിക്കതും മരിക്കും. എലികളും പാറ്റകളും മാത്രം ഇണചേർന്ന് പെരുകും. അപ്പോൾ നാം എന്തു ചെയ്യും? അപ്പോഴും ജീവിച്ചിരിക്കാൻ വിധിയുള്ള നമ്മൾ..? ഉടൽ പൊള്ളി അന്ധരായി, ക്ഷയരോഗവും കാൻസർ ബാധിച്ചും... കാൻസർ പരത്തുന്ന കുഞ്ഞുങ്ങളുടെ പകുതി ചത്ത ശരീരങ്ങൾ കൈയിലെടുത്ത് നമ്മൾ എങ്ങോട്ട് പോകും? നാം ഏത് ആഹാരം കഴിക്കും? നാം ഏത് വെള്ളം കുടിക്കും? നാം ഏത് വായു ശ്വസിക്കും?'



സാറാ ജോസഫ്

ജനന മരണങ്ങളെപ്പറ്റിയും ഒട്ടേറെ എഴുതി ഗബ്രിയേൽ ഗാർസ്യ മാർക്വേസ്. 'അമ്മമാർ പ്രസവിക്കുന്ന ദിവസമല്ല മനുഷ്യൻ എന്നെന്നേക്കുമായി ജനിക്കുന്നത്. പിന്നെയും പിന്നെയും ജീവിതത്തിൽ എത്രയോ തവണ ജനിക്കുന്നു മനുഷ്യൻ.'

അംഗഛേദം ചെയ്യപ്പെട്ടിട്ടുള്ളവർ അവരുടെ ഇല്ലാത്ത കാലിലും വേദനയും കോച്ചിപ്പിടുത്തവും ചൊറിച്ചിലും അനുഭവിക്കുന്നതുപോലെ മരണത്തിലേക്ക് മാഞ്ഞുപോയവരെയും നാം ഇടക്കിടെ അനുഭവിക്കുമെന്നും എഴുതുന്നുണ്ട് മാർക്വേസ്.

'കോളറാ കാലത്തെ പ്രണയം' എന്ന നോവലിലെ ഡോ. ജുവനാൽ അർബിനോ മറ്റുള്ളവർക്ക് മാത്രം സംഭവിക്കുന്ന ഒരു ദൗർഭാഗ്യമായിട്ടാണ് തന്റെ അഛൻ മരിക്കുന്നതുവരെ മരണത്തെ കണ്ടിരുന്നത്. മറ്റുള്ളവരുടെ ഉമ്മ -ഉപ്പമാർ, മറ്റുള്ളവരുടെ സഹോദരീ സഹോദരന്മാർ, മറ്റുള്ളവരുടെ ഭാര്യാ-ഭർത്താക്കന്മാർ... മറ്റുള്ളവരെ മാത്രം തൊടുന്ന ഒന്നായിരുന്നു അർബിനോക്ക് അതുവരെ മരണം. തന്നിൽ രോഗം അരിച്ചു കേറുന്നതും, നരയായി തന്നിൽ വാർധക്യം വെളുക്കുന്നതും അയാൾ ശ്രദ്ധിച്ചില്ല. വാർധക്യത്തിന്റെ അവശനേരത്തയാൾ തനിക്ക് ഒമ്പത് വയസ് പ്രായമായിരുന്നപ്പോൾ തന്നെ അഛൻ അരികിലിരുത്തി പറഞ്ഞതോർത്തു. 'ഞാനിപ്പോൾ മരിച്ചാൽ, എന്റെ പ്രായമാകുമ്പോഴേക്ക് നീയെന്നെ മറന്നുപോകില്ലേ മോനേ...' ■

Vol. No: 70 Issue No. 50 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla